REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം ലഭിച്ച മലയാളത്തിന്റെ നടന വിസ്മയം മോഹൻലാലിനെ അഭിനന്ദിച്ച് പ്രധാനമന്ത്രിയടക്കം നേതാക്കൾ.**
- **GST ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് ട്രെയിനുകളിലും സ്റ്റേഷനുകളിലും കുടിവെള്ളത്തിന്റെ MRP കുറയ്ക്കുമെന്ന് റെയിൽവെ മന്ത്രാലയം.**
- **സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും നിയമാനുസൃതമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ.**
- **തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ കരട് വിജ്ഞാപനം പുറപ്പെടുവിച്ചു.**
- **ഇന്ന് ശ്രീനാരായണ ഗുരുവിന്റെ 98-ആം സമാധിദിനം.**

## വാർത്തകൾ വിശദമായി

മലയാളത്തിന്റെ നടന വിസ്മയം മോഹൻലാലിന് 2023ലെ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം. ഇന്ത്യൻ സിനിമയിലെ സമഗ്ര സംഭാവനയ്ക്ക് നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണ് ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം. അടൂർ ഗോപാലകൃഷ്ണനു ശേഷം ഈ പുരസ്കാരം ലഭിക്കുന്ന മലയാളിയാണ് മോഹൻലാൽ. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, മോഹൻലാലിനെ അഭിനന്ദിച്ചു.

കേരളത്തിന്റെ മനോഹരഭൂമിയിൽ നിന്ന് രൂപപ്പെട്ട മോഹൻലാലിന്റെ പ്രതിഭ ഇന്ത്യയുടെ സംസ്കാരത്തെ ആഘോഷിക്കുകയും അതിന്റെ അഭിലാഷങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തുവെന്ന് പുരസ്കാരം പ്രഖ്യാപിച്ച വാർത്താ വിതരണ മന്ത്രാലയം സമൂഹ മാധ്യമത്തിൽ കുറിച്ചു.

ഡെസ്ക് റിപ്പോർട്ട്......

........വോയ്സ്.......

ചെറുപ്രായത്തിൽ തന്നെ സിനിമാ യാത്ര ആരംഭിച്ച മോഹൻലാൽ മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. അഞ്ച് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ അദ്ദേഹം നേടിയിട്ടുണ്ട്. 2001ൽ അദ്ദേഹത്തിന് രാജ്യത്തെ നാലാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പത്മശ്രീ പുരസ്കാരവും 2019 ൽ രാജ്യത്തെ മൂന്നാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പത്മഭൂഷണും നൽകി രാജ്യം ആദരിച്ചു. 2009-ൽ ഇന്ത്യൻ ടെറിട്ടോറിയൽ ആർമിയിൽ ലഫ്റ്റനന്റ് കേണൽ പദവിയും മോഹൻലാലിന് ലഭിച്ചു. ചൊവ്വാഴ്ച ദേശീയ ചലച്ചിത്ര പുരസ്കാര വേദിയിൽ വച്ച് കേരളത്തിന്റെ നടന വിസ്മയത്തിന് പുരസ്കാരം സമ്മാനിക്കും.

ആകാശവാണിയുമായി മോഹൻലാലിന് ദീർഘകാലത്തെ ബന്ധമുണ്ട്....

......മോഹൻലാൽ - വോയ്സ്...........

ദാദാസാഹെബ് പുരസ്കാരം നേടിയ മോഹൻലാലിനെ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ, ബി ജെപി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ തുടങ്ങിയവർ അഭിനന്ദിച്ചു.

മികവിന്റെയും വൈവിധ്യത്തിന്റെയും പ്രതീകമാണ് മോഹൻലാലെന്നും, പതിറ്റാണ്ടുകളായി സമ്പന്നമായ പ്രവർത്തനങ്ങളിലൂടെ, മലയാള സിനിമയിലെ വെളിച്ചമായി അദ്ദേഹം നിലകൊള്ളുന്നുവെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ എൻ ഷംസീർ, മന്ത്രിമാരായ മന്ത്രി സജി ചെറിയാൻ, പ്രതിപക്ഷ നേതാവ് വിഡി സതീശൻ തുടങ്ങിയ നേതാക്കളും നടൻ മമ്മൂട്ടിയും മോഹൻലാലിന് ആശംസ അറിയിച്ചു.

മലയാള ചലച്ചിത്ര മേഖലയ്ക്ക് മാത്രമല്ല, നാടിനാകെ അഭിമാനം പകരുന്ന നേട്ടമാണിതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സ്വഭാവികവും സവിശേഷവുമായ അഭിനയ ശൈലി കൊണ്ട് നാലര പതിറ്റാണ്ടിലധികം മലയാളികളെയും ലോകത്തെയും വിസ്മയിപ്പിച്ച നടനാണ് മോഹൻലാലെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞു.

✪✪✪

GST ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ട്രെയിനുകളിലും സ്റ്റേഷനുകളിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ MRP കുറയ്ക്കുമെന്ന് റെയിൽവെ മന്ത്രാലയം പ്രഖ്യാപിച്ചു. പാക്ക് ചെയ്ത റെയിൽ നീരിന്റെയും മറ്റെല്ലാ ബ്രാൻഡുകളുടേയും വില 15 രൂപയിൽ നിന്ന് 14 രൂപയായി കുറയും. 500 മില്ലീ ലിറ്റർ കുപ്പിവെള്ളത്തിന്റെ വില പത്ത് രൂപയിൽ നിന്ന് ഒമ്പത് രൂപയായും കുറച്ചു. പുതുതലമുറ GST നിരക്ക് നാളെ പ്രാബല്യത്തിലാകുന്നതോടെ കുറഞ്ഞ വിലയിൽ യാത്രക്കാർക്ക് കുടിവെള്ളം ലഭിക്കും.

✪✪✪

പൊതുസേവനം, സദ്ഭരണം എന്നീ മന്ത്രവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നയിക്കുന്ന കേന്ദ്ര ഗവൺമെന്റ്, രാജ്യത്ത് പരിവർത്തനവും പുരോഗതിയും കൊണ്ടുവരാൻ അക്ഷീണം പ്രവർത്തിക്കുകയാണ്. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഡിജിറ്റൽ ആരോഗ്യ ആവാസവ്യവസ്ഥയുടെ വിജയത്തെക്കുറിച്ചും ആരോഗ്യ സംരക്ഷണം കൂടുതൽ പ്രാപ്യവും പരസ്പരബന്ധിതവുമാക്കുന്നതിനെക്കുറിച്ചും ആകാശവാണിയുടെ സേവാ പർവ് പരമ്പരയിൽ വിശദീകരിക്കുന്നു.

.....(വോയ്സ് )....

ഗവൺമെന്റ് സംരംഭങ്ങൾ, നയ പരിഷ്കാരങ്ങൾ, സാങ്കേതിക പുരോഗതി എന്നിവയാൽ ഇന്ത്യയുടെ ആരോഗ്യ സംരക്ഷണ രംഗം അതിവേഗം ഡിജിറ്റൽ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. വളരുന്ന ജനസംഖ്യയും ആരോഗ്യ ഗുണനിലവാര സംരക്ഷണത്തിന്റെ ആവശ്യകതയും വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രാപ്യത, താങ്ങാനാവുന്ന വില, കാര്യക്ഷമത എന്നിവയിൽ ഡിജിറ്റൽ ആരോഗ്യ പരിഹാരങ്ങൾ നിർണായകപങ്ക് വഹിക്കുന്നു. പൊതു-സ്വകാര്യ മേഖലകൾക്കിടയിലെ സജീവ സഹകരണത്തിലൂടെ ശക്തമായ ഒരു ഡിജിറ്റൽ ആരോഗ്യ ആവാസവ്യവസ്ഥ സ്ഥാപിക്കാനാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ച ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ ലക്ഷ്യമിടുന്നത്.

2021 മുതൽ 2026 വരെ അഞ്ച് വർഷത്തിനകം 1,600 കോടി രൂപ ചെലവഴിച്ച് ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങളെ മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ മേഖലയ്ക്ക് കൂടുതൽ കരുത്ത് നൽകുക എന്നതാണ് ദൗത്യത്തിന്റെ ലക്ഷ്യം. രാജ്യത്ത് 80 കോടിയിലധികം ആയുഷ്മാൻ ഭാരത് ആരോഗ്യ അക്കൗണ്ടുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പൊതു സേവനയാത്ര വിവരിക്കുന്ന "എ ജേർണി ഓഫ് ഇൻക്ലൂസീവ് ഗ്രോത്ത്" എന്ന പുസ്തകം കേന്ദ്ര സഹമന്ത്രി ഡോ. L മുരുകൻ ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. ഗുജറാത്ത് മുഖ്യമന്ത്രി മുതൽ ഇന്ത്യയുടെ പ്രധാനമന്ത്രി പദവി വരെ എത്തിയ നരേന്ദ്ര മോദിയുടെ 25 വർഷത്തെ പൊതുസേവനവും പരിവർത്തന യാത്രയുമാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നതെന്ന് കേന്ദ്രസഹമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 75-ആം ജന്മദിനത്തോട് അനുബന്ധിച്ച് ചലോ ജീത്തേ ഹെ എന്ന ചലച്ചിത്രം രാജ്യത്തെ സ്കൂളുകളിലും അഞ്ഞൂറിലധികം സിനിമാ തിയേറ്ററുകളിലും ഇന്ന് പ്രദർശിപ്പിക്കും. സ്വാമി വിവേകാനന്ദന്റെ തത്വചിന്തയാൽ ആഴത്തിൽ സ്വാധീനിക്കപ്പെട്ട നരേന്ദ്രമോദിയുടെ ജീവിതത്തിലെ ബാല്യകാല സംഭവത്തെ ആധാരമാക്കുന്നതാണ് ചിത്രത്തിന്റെ പ്രമേയം.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും നിയമാനുസൃതമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. പരിഷ്കരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇത് സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുടെ ആശങ്കകൾ പരിഹരിക്കുമെന്നും എല്ലാ നിർദേശങ്ങളും പരിഗണിക്കുമെന്നും അദ്ദേഹം പറഞ്ഞു. യോജിപ്പും വിയോജിപ്പുമെല്ലാം ജനാധിപത്യത്തിന്റെ ഭാഗമാണെന്നും രത്തൻ യു കേൽക്കർ അഭിപ്രായപ്പെട്ടു.

BJP, കോൺഗ്രസ്, CPIM, CPI ഉൾപ്പെടെ 11 രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

✪✪✪

കേരളത്തിൽ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണം നടപ്പാക്കുന്നതിനെ സ്വാഗതം ചെയ്യുന്നതായി BJP സംസ്ഥാന വൈസ് പ്രസിഡന്റ് B ഗോപാലകൃഷ്ണൻ തെരഞ്ഞെടുപ്പ് കമ്മിഷൻ വിളിച്ചു ചേർത്ത യോഗത്തിൽ അറിയിച്ചു. വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ ഉദ്ദേശ്യശുദ്ധിയെ മുന്നണികൾ സംശയിക്കുന്നത് ശരിയല്ലന്നും വോട്ടർ പട്ടിക പരിഷ്കരണം അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ തദ്ദേശസ്ഥാപന പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതു സംബന്ധിച്ച ആക്ഷേപങ്ങൾ വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം കമ്മീഷൻ സെക്രട്ടറിക്ക് രേഖാമൂലം സമർപ്പിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

കരട് വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് സൈറ്റിൽ പരിശോധിക്കാം. 2025 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായാണ് രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത്.

ഇതിനകം ചിഹ്നം അനുവദിച്ചിട്ടില്ലാത്ത രാഷ്ട്രിയ പാർട്ടികൾക്ക് ആവശ്യമെങ്കിൽ അപേക്ഷിക്കുന്ന മുറക്ക് സ്വതന്ത്ര ചിഹ്നം അനുവദിക്കും. അപേക്ഷയോടൊപ്പം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും സംസ്ഥാന ഭാരവാഹിയെ ചുമതലപ്പെടുത്തി അധികാര പത്രവും നൽകണം. സ്വതന്ത്ര ചിഹ്നങ്ങളുടെ പട്ടികയിൽ പെടുന്നതും മറ്റ് രാഷ്ട്രീയ പാർട്ടികൾക്ക് നൽകാത്തതുമായ ചിഹ്നമാണ് മുൻഗണനാ അടിസ്ഥാനത്തിൽ അനുവദിക്കുക.

✪✪✪

റീ സർവെ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നവംബർ ഒന്ന് മുതൽ പ്രോപ്പർട്ടി കാർഡുകൾ എന്ന റവന്യൂ സ്മാർട്ട് കാർഡുകൾ അവതരിപ്പിക്കുമെന്ന് മന്ത്രി K. രാജൻ പറഞ്ഞു. പാലക്കാട് പരുതൂർ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഡിജിറ്റൽ രേഖകളുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിൽ ക്യൂ നിൽക്കാതെ സേവനങ്ങൾ ലഭ്യമാക്കാൻ സ്മാർട്ട് കാർഡുകൾ സഹായിക്കും. ഓരോരുത്തരുടെയും റവന്യൂ രേഖകൾ എല്ലാം ഉൾപ്പെടുത്തിയതായിരിക്കും ഈ കാർഡെന്നും മന്ത്രി അറിയിച്ചു.

✪✪✪

ശ്രീനാരായണ ഗുരുവിന്റെ 98-ആം സമാധിദിനാചരണം ഇന്ന്. ദിനാചരണത്തോടനുബന്ധിച്ച് വർക്കല ശിവഗിരി മഹാസമാധിയിലും ചെമ്പഴന്തി ഗുരുകുലത്തിലും അരുവിപ്പുറത്തും ഗുരുദേവ ക്ഷേത്രങ്ങളിലും പരിപാടികൾ നടക്കും.

വർക്കല ശിവഗിരി മഠത്തിൽ രാവിലെ 5 ന് ചടങ്ങുകൾ ആരംഭിച്ചു. രാവിലെ 10ന് മഹാപരിനിർവാണ സമ്മേളനം പത്തനംതിട്ട ശ്രീരാമകൃഷ്ണ മഠത്തിലെ

സ്വാമി ആപ്തലോകാനന്ദ ഉദ്ഘാടനം ചെയ്യും. ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ അധ്യക്ഷനായിരിക്കും.

മുതിർന്ന കോൺഗ്രസ് നേതാവ് വി.എം. സുധീരൻ മുഖ്യ പ്രഭാഷണം നടത്തും. ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, സ്വാമി സൂക്ഷ്മാനന്ദ, എന്നിവർ പ്രസംഗിക്കും. സ്വാമി പരമാത്മാനന്ദഗിരി മഹാ സമാധി സന്ദേശം നൽകും.

ഉച്ചയ്ക്ക് 12നു സത്യവ്രത സ്വാമി സമാധി ശതാബ്ദി പ്രഭാഷണം സ്വാമി ഋതംഭരാനന്ദയും ഗുരുദേവ സമാധി പ്രഭാഷണം സ്വാമി സച്ചിദാനന്ദയും നടത്തും.

ഉച്ചയ്ക്ക് 2ന് ശാരദാമഠത്തിൽ സന്യാസിമാരുടെ നേതൃത്വത്തിൽ ഹോമം, സമാധി മന്ദിരത്തിലേക്ക് കലശ പ്രദക്ഷിണ യാത്ര എന്നിയും ഉണ്ടാകും.

ഗുരുവിന്റെ ജന്മഗൃഹമായ ചെമ്പഴന്തി ഗുരുകുലത്തിൽ രാവിലെ വിശേഷാൽ പൂജകളും നടത്തി.

രാവിലെ വയൽവാരം വീട്ടിൽ സമൂഹ പ്രാർഥനയും ഉപവാസവും സംഘടിപ്പിച്ചിട്ടുണ്ട്. പൊതുസമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

✪✪✪

ചൈന മാസ്റ്റേഴ്സ് 2025 ബാഡ്മിന്റണിൽ, ഇന്ത്യൻ താരങ്ങളായ സാത്വിക്സായിരാജ് രങ്കിറെഡ്ഡിയും, ചിരാഗ് ഷെട്ടിയും പുരുഷ ഡബിൾസ് ഫൈനലിൽ പ്രവേശിച്ചു. ഷെൻഷെൻ അരീനയിലെ സെമിഫൈനലിൽ മലേഷ്യൻ ജോഡിയായ ആരോൺ ചിയയെയും സോവൂയിയിക്കിനെയുമാണ് ഇന്ത്യൻ സഖ്യം പരാജയപ്പെടുത്തിയത്.

✪✪✪

വനിതാ ഏകദിന ക്രിക്കറ്റിൽ, ഓസ്ട്രേലിയ ഇന്ത്യയെ 43 റൺസിന് പരാജയപ്പെടുത്തി. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ മൂന്നാമത്തെയും അവസാനത്തെയും ഏകദിനത്തിൽ ഓസ്ട്രേലിയ, 2-1 ന് പരമ്പര സ്വന്തമാക്കി.

✪✪✪

സംസ്ഥാന അത്‌ലറ്റിക്സ് അസോസിയേഷൻ സംഘടിപ്പിച്ച രണ്ടാമത് കേരള സ്റ്റേറ്റ് ഓപ്പൺ കിഡ്സ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് കോഴിക്കോട്ട് സമാപിച്ചു.

ലോക അത്‌ലറ്റിക്സ് ഫെഡറേഷൻ പ്രൈമറി തലത്തിലെ കുട്ടികൾക്കായി രൂപകൽപ്പന ചെയ്ത ശിശു സൗഹൃദ കരിക്കുലമാണ് കിഡ്‌സ് അത്‌ലറ്റിക്സ്.

സംസ്ഥാനത്തെ സ്കൂളുകളെ പ്രതിനിധീകരിച്ച് 1400 വിദ്യാർത്ഥികൾ പങ്കെടുത്ത മീറ്റിൽ കടകശ്ശേരി ഐഡിയൽ ഇംഗ്ലീഷ് സ്കൂൾ ചാമ്പ്യന്മാരായി.

✪✪✪

അമീബിക് മസ്തിഷ്കജ്വരത്തിനു കാരണമാകുന്ന രോഗാണുക്കളെ കണ്ടെത്താൻ മഹാത്മാഗാന്ധി സർവകലാശാലയിൽ സൗകര്യമൊരുക്കിയതായി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു.

ഇന്റർ-യൂണിവേഴ്‌സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ-സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലാണ് പ്രത്യേക ജലപരിശോധനാ സൗകര്യം ആരംഭിച്ചത്.

വീടുകളിൽ വെച്ച് തന്നെ സാധാരണക്കാർക്ക് രോഗകാരിയായ അമീബകൾ ജലസ്രോതസ്സുകളിൽ ഉണ്ടോയെന്ന് കണ്ടെത്താൻ കഴിയുന്ന കിറ്റ് വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞതായും മന്ത്രി പറഞ്ഞു.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരു കുട്ടിയെ കൂടി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറം സ്വദേശി, 13 വയസ്സായ കുട്ടിക്കാണ് രോഗബാധ റിപ്പോർട്ട് ചെയ്തത്. നിലവിൽ പത്ത് പേരാണ് മസ്തിഷ്ക ജ്വരലക്ഷണങ്ങളോടെ ചികിൽസയിൽ കഴിയുന്നത്.

അതിനിടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലിരിക്കെ മരിച്ച തൃശൂർ ചാവക്കാട് സ്വദേശി റഹീമിന്റെ രോഗ ഉറവിടം സംബന്ധിച്ച പരിശോധനകൾ തുടങ്ങി. കോഴിക്കോട് പന്നിയങ്കരയിൽ ഹോട്ടൽ തൊഴിലാളിയായിരുന്നു ഇദ്ദേഹം. ജോലി ചെയ്ത ഹോട്ടൽ ഇനി ഒരറിയിപ്പുണ്ടാകുന്നത് വരെ അടച്ചിടാൻ കോർപറേഷൻ അധികൃതർ നിർദ്ദേശം നൽകി.

✪✪✪

പശ്ചാത്തല മേഖലയിലെ വികസനത്തിൽ കേരളം ചരിത്രപരമായ മുന്നേറ്റമാണ് കൈവരിച്ചതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. പാലക്കാട് തൃത്താല മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച കാലടി - ആനക്കര റോഡ് ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് 8000 കിലോമീറ്റർ ദൂരം പൊതുമരാമത്ത് റോഡുകൾ ആധുനിക രീതിയിൽ

നവീകരിച്ചതായും ഒരിക്കലും നടക്കില്ലെന്ന് പലരും കരുതിയ വികസനങ്ങൾ യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞതായും മന്ത്രി പറഞ്ഞു.

✪✪✪

മിനി ഫുഡ് പാർക്ക് നിർമ്മാണത്തിന് ഇടുക്കി ചെറുതോണി ആലിൻചുവട് ഭാഗത്തു 10 ഏക്കർ സ്ഥലം വ്യവസായ വകുപ്പ് ആവശ്യപ്പെട്ട ഭേദഗതികളോടെ കൈമാറുന്നതിന് റവന്യൂ വകുപ്പ്, ഉത്തരവ് പുറത്തിറക്കിയതായി മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു.

പാർക്കിന്റെ ഭാഗമായി സ്ഥലം വ്യവസായികൾക്ക് കൈമാറാനും അനുമതിയായി. മരങ്ങൾ വില നിശ്ചയിച്ചു മുറിച്ചു നീക്കുന്നതിന് അനുമതിയും ഉപാധികളോടെ ലഭ്യമായതായി മന്ത്രി അറിയിച്ചു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*News Team: രജ്ന കെ*
*DEO: സി കെ സുബോധ്*